പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3500 — 15/07/2015 ൽ മറുപടിക്ക്

## എടവനക്കാട് പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ

| ചോദ്യം<br>ശ്രീ. എസ്.ശർമ്മ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൂർണ്ണമായും തീരദേശമണ്ഡലമായ വൈപ്പിനിലെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന എടവനക്കാട് പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ; | (ബി) | പഞ്ചായത്ത് മുഖേന എടവനക്കാട് പി.എച്ച്.സി.യിൽ 14 കിടക്കകളുള്ള ഐ.പി. വാർഡ് പണിതിട്ടുണ്ടെങ്കിലും 24 X 7 പി.എച്ച്.സി.യായി അപ്ഗ്രേഡ് ചെയ്താൽ മാത്രമേ കിടത്തി ചികിത്സ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത സെന്ററിൽ എത്തിച്ചേരുന്ന രോഗികളുടെ എണ്ണം, പ്രദേശത്തിന്റെ വ്യാപ്തി, ഓൾഡ് ഏജ് ഹോമിന്റെ സാമീപ്യം എന്നിവ കണക്കിലെടുത്ത് കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | പ്രസ്തുത പി.എച്ച്.സി.യിലെ ശരാശരി ഒ.പി. 100 ആണ്. 79 സെന്റ് സ്ഥലത്താണ് ഈ പി.എച്ച്.സി. സ്ഥിതിചെയ്യുന്നത്. ഈ കോമ്പൗണ്ടിനുള്ളിൽ തന്നെ ഓൾഡ് ഏജ് ഹോം പ്രവർത്തിക്കുന്നുണ്ട്. കിടത്തി ചികിത്സ പി.എച്ച്.സി.കളുടെ പ്രവർത്തന ലക്ഷ്യമല്ല. സംസ്ഥാന/ദേശീയ തലത്തിലുള്ള ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളും രോഗപ്രതിരോധ പ്രവർത്തനങ്ങളുമാണ് പി.എച്ച്.സി.കളുടെ പ്രവർത്തന ലക്ഷ്യം. എടവനക്കാട് പി.എച്ച്.സി.യെ 24 X 7 പി.എച്ച്.സി. ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ